(ബി) ഉദിക്കുന്നില്ല.

(സി) ഓർഗാനോ ക്ലോറിൻ, ഓർഗാനോ ഫോസ്ഫേറ്റ്സ്, കാർബമേറ്റ് മുതലായ ഇനത്തിൽപ്പെടുന്ന കീടനാശിനികളാണ് ഫലവർഗ്ഗ വിളകളിൽ സാധാരണ പ്രയോഗിക്കുന്നത്.

(ഡി) ഇല്ല.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി

10 (*220) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരിവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ എത്ര ഹെക്ടർ ഭൂമി അന്യാധീനപ്പെട്ടിട്ടുണ്ടെന്നും ഇവ തിരിച്ചെടുക്കുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടെന്നും വിശദമാക്കുമോ ;

(ബി) പ്രസ്തുത ഭൂമി തിരിച്ചു കിട്ടുമോയെന്ന് അറിയിക്കാമോ ?

ഭക്ഷ്യവും സാംസ്കാരിവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ) :

(എ & ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി എത്രയെന്ന് അളന്ന് തിരിച്ച് തിട്ടപ്പെടുത്തി വരുന്നുവെന്നും പ്രസ്തുത ഭൂമികൾ തിരികെ ലഭിക്കുന്നത് സംബന്ധിച്ച് സിവിൽ കേസ്സ്, ലാന്റ് ട്രൈബ്യൂണൽ, റവന്യൂ അതോറിട്ടി എന്നിവ മുഖാന്തിരം നടപടി സ്വീകരിച്ചു വരുന്നുവെന്നും ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

സിവിൽ സപ്ലൈസ് കോർപ്പറേഷൻ അന്യസംസ്ഥാനങ്ങളിൽനിന്നു വാങ്ങുന്ന അരി

11 (*221) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ അന്യസംസ്ഥാനങ്ങളിൽ നിന്നും അരി വാങ്ങുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കോർപ്പറേഷൻ നേരിട്ടാണോ അതോ ഇടനിലക്കാർ വഴിയാണോ അരി വാങ്ങുന്നത് ;

(സി) ഓരോ സംസ്ഥാനത്തുനിന്നും വാങ്ങുന്ന അരിയുടെ നിരക്ക് വ്യക്തമാക്കുമോ ;

(ഡി) നിലവിലുള്ള സമ്പ്രദായത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) :

(എ) ഇപ്പോൾ വാങ്ങുന്നില്ല.

(ബി & സി) ഉദിക്കുന്നില്ല.

(ഡി) ഇല്ല.

സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും വെട്ടിക്കുറച്ച ആനുകൂല്യങ്ങളിൽ പുനഃസ്ഥാപിക്കാനുള്ളവ

12 (*222) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കോണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും വെട്ടിക്കുറച്ച് സാമ്പത്തികാനുകൂല്യങ്ങളിൽ ഏതൊക്കെയാണ് ഇനിയും പുനഃസ്ഥാപിക്കാനുള്ള തെന്ന് പറയാമോ ;

(ബി) ഇവ അനുവദിക്കുന്നത് സംബന്ധിച്ച തീരുമാനം എടുത്തിട്ടുണ്ടോ ; എങ്കിൽ എന്നുമുതൽ ഇവ പുനഃസ്ഥാപിക്കുവാൻ കഴിയുമെന്ന് പറയാമോ ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) :

(എ) 1. കമ്മ്യൂട്ടഡ് വാല്യൂവിന്റെ ഡിസ്ക്കൗണ്ട് റേറ്റ് 5.31% ആയി വർദ്ധിപ്പിച്ചത്.

2. പ്രതിവർഷം സറണ്ടർ ചെയ്യാവുന്ന ആർജ്ജിത അവധികളുടെ എണ്ണത്തിലെ കുറവ്.

3. പുതുതായി സർവ്വീസിൽ പ്രവേശിച്ചവർക്കു പഴയ രീതിയിലുള്ള പെൻഷൻ പദ്ധതി അനുവദിക്കുന്നത്.

(ബി) തീരുമാനമെടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly